**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം ജില്ല – തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പരിധിയിൽ വരുന്ന സ്കൂളുകളിൽ 'രക്ഷാ പദ്ധതി' പ്രകാരം പരിശീലനം ലഭിച്ച പെൺകുട്ടികളുടെ കരാട്ടെ പ്രദർശനം - സംഘാടന ചെലവുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 587/2018/തസ്വഭവ — തിരുവനന്തപുരം, തീയതി, 01/03/2018

---

പരാമർശം:- തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 20/02/2018 ലെ ഇ 7/3826/17/റ്റി.ഡി.പി നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പരിധിയിൽ വരുന്ന സ്കൂളുകളിൽ 'രക്ഷാ പദ്ധതി' പ്രകാരം പരിശീലനം ലഭിച്ച പെൺകുട്ടികളുടെ കരാട്ടെ പ്രദർശനം ലോക വനിതാ ദിനമായ മാർച്ച് 8 ന് കാര്യവട്ടം ഗ്രീൻഫീൽഡ് ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ വെച്ച് നടത്താൻ തീരുമാനിച്ചിരിക്കുകയാണെന്നും ലോക ശ്രദ്ധയാകർഷിക്കുന്ന പ്രസ്തുത പരിപാടിയുടെ സംഘാടന ചെലവുകൾക്ക് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് 25000/- രൂപയും ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി എന്നിവയിൽ നിന്ന് 50000/- രൂപയും കോർപ്പറേഷനുകളിൽ നിന്ന് ഒരു ലക്ഷം രൂപയും സംഭാവനയായി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലോക വനിതാ ദിനമായ മാർച്ച് 8 ന് കാര്യവട്ടം ഗ്രീൻഫീൽഡ് ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ വെച്ച് നടത്തുന്ന തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ 'രക്ഷാ പദ്ധതി' പ്രകാരം പരിശീലനം ലഭിച്ച പെൺകുട്ടികളുടെ കരാട്ടെ പ്രദർശനത്തിനായി തിരുവനന്തപുരം കോർപ്പറേഷനിൽ നിന്നും 1,00,000/- (ഒരു ലക്ഷം) രൂപയും ജില്ലയിലെ മുനിസിപ്പാലിറ്റികളിൽ നിന്ന് 25,000/- (ഇരുപത്തി അയ്യായിരം) രൂപ വീതവും ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 15,000/- (പതിനയ്യായിരം) രൂപ വീതവും തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സിനി ജെ ഷുക്കൂർ,**
**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ. തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡന്റ്/സെക്രട്ടറി, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ബന്ധപ്പെട്ട കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ